the Hon'ble Joint Secretary in his lot in having to shoulder this responsibility. He referred to the reluctance of the clerks in the Registry Offices when they are asked whether they would like to be transferred to other Departments. I submit it is not correct. He has not been able to support it by facts and figures. As a matter of fact I know that they will be very glad to get any such change. He has not been able to advance any argument against this. All the old arguments which have no basis whatsoever have been put forward. I want to press this motion to a division because I want Government to understand that this is a grievance which ought to be redressed.

Resolution was put and carried.

11. Introduction of Montessori School for the education of Children in the State.

Miss P. Meenakshikutty Amma.—*"This Council recommends to the Government that it may be pleased to open for the proper education of the children Montessori Schools in the State atleast in important centres to start with."*

സർ, ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം കൊടുക്കുന്നതിനുവേണ്ടി, പ്രധാന കേന്ദ്രങ്ങളിൽ മോണ്ടിസോറി സ്കൂൾ തുടങ്ങണമെന്നാണ്. ഈ പ്രമേയത്തെ ഈ അജൻഡയിൽ കണ്ടിട്ട് ഈ കൌൺസിലിലെ പല മെമ്പർമാരും ഇത് വളരെ പ്രാധാന്യമുള്ള വിഷയമാണ്, ടെക്ക് നിങ്കൽ അയിട്ടുള്ളതാണ്, ഇതിനെപ്പറ്റി ഞങ്ങൾക്കു നിശ്ചയമൊന്നുമില്ലല്ലോ എന്നു എന്നോട് ചോദിക്കുകയുണ്ടായി. ഞാൻ ഈ അത്തകാലത്ത് ടെയിനിംഗിനു പോയില്ലായിരുന്നു എങ്കിൽ ഇതിനെസംബന്ധിച്ചു ഒരറിവും ഉണ്ടാകുകയില്ലായിരുന്നു. ഈ മോണ്ടിസോറിസ്കൂൾ ഈ അടുത്തകാലത്തുമാത്രം തുടങ്ങീട്ടുള്ളതാണ്. അതുകൊണ്ടു തന്നെയാണ് ഞാൻ ഇന്നു അതിനെ സംബന്ധിച്ചു സംസാരിക്കണമെന്നു വിചാരിക്കുന്നതു്. ഈ മോണ്ടിസോറി സ്കൂളിന്റെ ഉദ്ദേശം മനശ്ശാസ്ത്രത്തെ അടിസ്ഥാനമാക്കി കുട്ടികൾക്കു വിദ്യാഭ്യാസം കൊടുക്കണമെന്നാണ്. മനശ്ശാസ്ത്രവിദഗ്ധന്മാർ പറയുന്നതു നമ്മുടെ ജീവിതത്തിലുള്ള ദശകളിൽ ഏറ്റവും പ്രാധാന്യമേറിയതു് ബാല്യദശയാണെന്നാണ്. അതുകൊണ്ടു് മനശ്ശാസ്ത്രപ്രകാരം ബാല്യദശയിലാണ് നമ്മുടെ സ്വഭാവരൂപീകരണത്തിനു വേണ്ടതായ പരിശീലനം ലഭിക്കേണ്ടതു്. നാം ഒരു കുട്ടിക്കു് ഏതുപ്രകാരം ബാല്യകാലത്തു് ട്രെയിനിംഗ് കൊടുക്കുന്നുവോ, ഏതെല്ലാം ആദർശങ്ങളാണ് കുട്ടിയുടെ മുമ്പാകെ കാണിച്ചു കൊടുക്കുന്നുവോ അതനുസരിച്ചായിരിക്കും ആ കുട്ടിയുടെ മനോവികാസ

LIBRARY ARCHIVES Kerala Legislative Assembly

വും. അതുകൊണ്ടു കോളേജ് സെക്കൻററി ക്ലാസ്സ് മുതലായവയിലെ വിദ്യാഭ്യാസത്തേക്കാളും അധികം ശ്രദ്ധവെക്കേണ്ടതു് ബാല്യകാലത്തിലെ വിദ്യാഭ്യാസത്തിലാണ്. പലേ മനശ്ശാസ്ത്ര വിദഗ്ധന്മാരും പലേ രീതികളും കണ്ടുപിടിക്കുവാൻ ശ്രമിച്ച കൂട്ടത്തിൽ ഒരു ഇററാലിയൻ സ്ത്രീയായ മേഡം മോണ്ടിസോറി എന്ന സ്ത്രീ കണ്ടുപിടിച്ചതാണ് ഈ രീതി. മോണ്ടിസോറി കണ്ടുപിടിച്ചതുകൊണ്ടാണു് ഈ രീതിക്കു മോണ്ടിസോറി സിസ്റ്റം എന്നു പറയുന്നതു്. ഇപ്പോഴത്തെ വിദ്യാഭ്യാസ രീതിയിലും കുറെക്കൂടി പ്രയോജനപ്രദമാണെന്നു് മനശ്ശാസ്ത്ര വിദഗ്ധന്മാർ അഭിപ്രായപ്പെട്ടിരിക്കുന്നതു് ഈ മോണ്ടിസോറി രീതിയെയാണ്. നാം കുട്ടികളെ ഒരു തോട്ടത്തിലെ പൂച്ചെടികളായി വിചാരിക്കേണ്ടതാണ്. എല്ലാ വിത്തുകൾക്കും ഒരേ വളം യോജിക്കയില്ല. എന്തെന്നുവച്ചാൽ നാം പാകീട്ടുള്ള വിത്തുകളുടെ സ്ഥിതി അനുസരിച്ചു വളം ചെയ്താൽ മാത്രമേ ആ ചെടിക്കു ശരിയായി വളരുവാൻ സാധിക്കുകയുള്ളൂ. ചിലതു് വളരുന്നതു വേനൽക്കാലത്തായിരിക്കും, ചിലതു വർഷക്കാലത്തായിരിക്കും, അതുകൊണ്ടു കാലത്തിനനുസരിച്ചു് വിത്തുകളെ പാകി ഓരോന്നിനും ഉതകുന്ന വളം ഇട്ടു് രക്ഷിച്ചാലെ അതു ശരിയായി പുഷ്പിക്കുകയുള്ളൂ. അതുമാതിരിയാണു് നമ്മുടെ കുട്ടികളുടെ നിലയും. ഒരു കുഡുംബത്തിൽതന്നെ എല്ലാവർക്കും ഒരുപോലെയുള്ള വിദ്യാഭ്യാസം നടത്തണം എന്നു വിചാരിച്ചാൽ അതും സാധിക്കുകയില്ല. ഓരോരുത്തരുടേയും വാസനയനുസരിച്ചുള്ള വിദ്യാഭ്യാസം കൊടുത്താലെ അതും ഭാവിയിൽ ഗുണകരമായിട്ടു ഭവിക്കുകയുള്ളൂ. അതുകൊണ്ടു മോണ്ടിസോറി രീതി കുട്ടികളുടെയിടയിൽ ഏററവും പ്രധാനമാക്കേണ്ടതാണു്. മോണ്ടിസോറി സ്കൂളിൽ ടീച്ചേഴ്സ്, എന്നു പറയുന്നു ആളുകളില്ല, ഡയറക്ടേഴ്സ് ആണു് ഉള്ളതു്. മോണ്ടിസോറി കുട്ടികളെ പഠിപ്പിക്കുകയല്ല; വഴിതിരിക്കുകയാണു് ചെയ്യുന്നതു്. മനശ്ശാസ്ത്രപ്രകാരം അതായതു് സൈക്കോളജിപ്രകാരം കുട്ടികൾക്കു ശരിയായ വിദ്യാഭ്യാസം ഉണ്ടാകണമെങ്കിൽ ഈ രീതി കൊണ്ടേ സാധിക്കുകയുള്ളൂ എന്നാണു് വിദഗ്ധന്മാർ പറയുന്നതു്. മോണ്ടിസോറി കുട്ടികളെ പഠിപ്പിക്കുന്നതു് പഠിക്കേണ്ട വിഷയമനുസരിച്ചുള്ള സാധനങ്ങൾ കാണിച്ചു കൊടുത്തിട്ടാണു്. എന്തെന്നാൽ കുമാര ദശയിൽ വിഷ്വൽ ഇമാജിനേഷൻ ആണു് കുട്ടികൾക്കുള്ളതു്. കണക്കു ചെയ്യുവാൻ വേണ്ട സാമഗ്രികൾ ഉണ്ടാകും, കഥ പറയുവാൻ വേണ്ട സാമഗ്രികൾ ഉണ്ടാകും, തുന്നുവാൻ വേണ്ടസാമഗ്രികൾ ഉണ്ടാകും. ഇങ്ങിനെ ഏതേതു വിഷയങ്ങളെപ്പററി കുട്ടികളെ പഠിപ്പിക്കുന്നുവൊ അതിനുവേണ്ട സകല സാമഗ്രികളും മോണ്ടിസോറി സ്കൂളിൽ ഉണ്ടാകും. കാണിച്ചു കൊടുക്കുന്നതനുസരിച്ചു കുട്ടികൾ ചെയ്തില്ലെങ്കിൽ അവരുടെ കൈകൊണ്ടു ചെയ്യിച്ചും മറുമാണു് പഠിപ്പിക്കുന്നതു്. കാണിച്ചുകൊടുത്തിട്ടു പിന്നെയും തെറുചെയ്യുന്ന അവസരത്തിൽ അവരെ ഒന്നുകൂടി സഹായിക്കുകയാ

LIBRARY ARCHIVES Kerala Legislative Assembly

ണ് മോണ്ടിസോറി ചെയ്യുന്നത്. ഇപ്പോൾ നമ്മുടെ ക്ലാസ്സിൽ നോക്കിയാൽ എല്ലാവരും പുസ്തകത്തിൽ നോക്കി പഠിക്കുന്നതോ അദ്ധ്യാപിക പറയുന്നതിനെ ശ്രദ്ധിക്കയോ ചെയ്യുന്നതു് കാണും. എന്നാൽ ഒരാൾ വരാന്തയിൽ കൂടി പോയാൽപോലും ക്ലാസ്സിലെ എല്ലാ കുട്ടികളും അങ്ങോട്ടു നോക്കും. അത്രത്തോളം ശിഥിലമായ്ത്തീരുകയാണ് അവക്കുള്ളതു്. മോണ്ടിസോറി സ്കൂളിൽ ചെന്നു നോക്കുമ്പോൾ, ഓരോരുത്തരും അവരവക്കിഷ്ടമുള്ള പണികൾ ശ്രദ്ധയോടും, ഉത്സാഹത്തോടും കൂടി ചെയ്യുന്നതു കാണാം. അതിനാൽ അവരുടെ മനസ്സു എളുപ്പത്തിൽ ചഞ്ചലിക്കുന്നില്ല. വളരെ രസത്തോടു കൂടിയിരുന്നാണ് അവർ പണി എടുക്കുക. അങ്ങനെ ആലോചിച്ചു നോക്കിയിട്ടു കുട്ടികളുടെ വിദ്യാഭ്യാസത്തിന്നതുകൂന്നതായി ഇപ്പോൾ കണ്ടുവരുന്ന രീതികളിൽവെച്ചു് ഏറ്റവും നല്ലതു് മോണ്ടിസോറി രീതിതന്നെയാണ്. മോണ്ടിസോറി സ്കൂളിന് ധാരാളം പണം ചിലവുണ്ടു് എന്നു് ഒരു ആക്ഷേപമുണ്ടു്. അതു് ഏറക്കുറെ വാസ്തവമാണ്. എങ്കിലും പാഠ്യസാമഗ്രികം (Didactic Apparatus) നമ്മുടെ നാട്ടിൽ ഉണ്ടാക്കിക്കുന്നതുകൊൽ വളരെ ലാഭമുണ്ടാകുന്നതാണ്. മോണ്ടിസോറി രീതി ഇവിടെ പ്രീകരിക്കണമെന്നുണ്ടെങ്കിൽ മോണ്ടിസോറി സാമാനം വരുത്തുന്ന കമ്പനിയിൽനിന്നുതന്നെ സാധനങ്ങളും വരുത്തണമെന്നില്ല. അതനുസരിച്ചുള്ള സാധനങ്ങളും നമ്മുടെ നാട്ടിൽ ഉണ്ടാക്കുവാൻ സാധിക്കുന്നതുകൊണ്ടു അത്ര വലിയ പണച്ചിലവു കൂടാതെ കഴിക്കയും ചെയ്യാം. ചിത്രങ്ങളാണെങ്കിൽ അതും നമ്മുടെ നാട്ടിൽ ഉള്ള ചിത്രകാരന്മാരെക്കൊണ്ടു വരപ്പിച്ചാൽ മതിയാകുന്നതാണ്. അതുകൊണ്ടു നമുക്കു അധികം പണച്ചിലവു കൂടാതെ ഇവിടെ മോണ്ടിസോറി സ്കൂളം സ്ഥാപിക്കുവാൻ സാധിക്കും.

ഇതിൽ വേറൊരു ആക്ഷേപം വരുവാൻ ഇടയുള്ളതു് ഇൻഡ്യാരാജ്യത്തിൽ വിദ്യാഭ്യാസംകൊണ്ടു മുന്നണിയിൽ നില്ക്കുന്നതു് നമ്മുടെ രാജ്യമല്ലേ; പിന്നെ നാമെന്തിനാണ് ഒരു ഇറ്റാലിയൻ സ്ത്രീയുടെ വിദ്യാഭ്യാസരീതി അനുവർത്തിക്കുന്നതു് എന്നാണ്. അതിനു എനിക്കു പറയുവാനുള്ളതു് ഇപ്പോൾ നമ്മുടെരാജ്യത്തു കുട്ടികളുടെ മനഃശാസ്ത്രത്തെ സംബന്ധിച്ചു ഒരു രീതി കണ്ടുപിടിച്ചിട്ടില്ലാത്തതുകൊണ്ടു്, നമ്മുടെ രാജ്യത്തു ഇങ്ങിനെ ഒരു രീതി കണ്ടുപിടിക്കുന്നതുവരെ ഈ രീതി അംഗീകരിച്ചാൽ കൊള്ളാമെന്നാണ്. പിന്നെ മേഡം മോണ്ടിസോറിരീതി അവരുടെ രാജ്യത്തു അംഗീകരിച്ചിട്ടുള്ളതുപോലെതന്നെ നാമും സ്വീകരിക്കണമെന്നില്ല. നമുക്കു പലേ മാറ്റങ്ങളോടുകൂടി ഇവിടെ സ്വീകരിക്കാമെന്നാണ് ഞാൻ പറയുന്നതു്. ഉദാഹരണമായിട്ടു അവിടെയുള്ള ഡാൻസിന്നു പകരം നമ്മുടെ ഇടയിലുള്ള കോലാട്ടം കൈകൊട്ടിക്കളി മുതലായതു് സ്വീകരിച്ചാൽ മതി. ഇതേമാതിരി പല വ്യത്യാസങ്ങളും വരുത്താവുന്നതാണ് ഈ രീതി അംഗീകരിക്കണമെന്നു പറയുന്നതിന്റെ ഉദ്ദേശം ഒന്നുമാത്രമേയുള്ളൂ. അതായതു് കുട്ടികളുടെ മനസ്സിന്റെ വള

LIBRARY ARCHIVES Kerala Legislative Assembly

ച്ചയനുസരിച്ചു വാസനാപരമായി അവർക്ക കായികമായും മാനസികമായും ആത്മീകമായും ഉള്ള വളച്ചക്കുതകുന്നതായ ഒരു വിദ്യാഭ്യാസരീതി നാം തുടരേണ്ടതു് അത്യാവശ്യമാണ് എന്നുള്ളതിനാലാണ്. മനശ്ശാസ്ത്രതത്വത്തെ അടിസ്ഥാനപ്പെടുത്തി തുടക്കത്തിൽ നാട്ടിലെ നമ്മുടെ പ്രധാനകേന്ദ്രങ്ങളിൽ മോണ്ടിസോറിസ്കൂൾ സ്ഥാപിക്കണമെന്നാണ് ഞാൻ ഗവൺമെണ്ടിനോട് ആവശ്യപ്പെടുന്നതു്.

* **Dr. A. R. Menon.**—I rise to second the resolution. I confess I was very much struck by the instructive lecture delivered by the Lady Member. But I know something of the attractive features of this system because I happened to visit the institution once. At first the children began to attend classes regularly but later on I found out that the attractive features which attracted them there were biscuits, lozenges, nice beds to sleep on, playing in the gardens and little picnic parties among themselves. As was aptly observed by the Lady Member the great attraction of the system is that the natural fear of little children towards schools is somehow or other eradicated by the system and his mind is set at ease when he goes to the higher classes. The natural fear and aversion that the boy feels towards the school is taken away by the kindly treatment accorded to him and he attends school regularly. When I compared this with the old system I was aghast. Under the old system we used to receive a shower of blows. The teacher used to give me his daily dozen. Even after ten or 14 years later on when I saw the man I used to shiver. The number of days that I managed to escape from the school is innumerable. Therefore, when compared with that system this system introduced on Montessori lines is much better. I only stress that this system should be introduced at least in schools where one can afford and the only person who can afford is the person sitting over there. Government should introduce this at least in some of the centres and if they find it useful they can introduce it in other centres. If you do that, it will be an incentive to little children to go to schools and it will be a great relief to the mothers to get rid of these children from their homes. I would earnestly suggest to the Government that this resolution may be accepted and given effect to as far as possible in various centres.

* **Mr. I. N. Menon.**—Mr. President, Sir, I would give a compliment to the mover of the resolution for having kept away so far from finances and discussing only the intrinsic merits of this

* Speeches not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

question. It is easy to condemn speeches on this side of the House on the ground that we have a tendency to take our stand on paucity of funds. (Hear, hear). But it is not exactly the question of spending about Rs. 200, so that I hope the House will look at the question a little more closely when giving their vote to one side or the other. It will be very wrong on my part if I were to dispute that from an educational standpoint there is a great deal to be said as has been stated by the Hon'ble Lady Member, in favour of the Montessori method. But in spite of its intrinsic advantages it is not a system which can be worked as an ordinary infant class. It involves much more expense than running one class. The Hon'ble Member for Pallippuram pointed out an instance in which one child has improved by special treatment. Each individual child is to be given individual attention and furnished with sufficient scope for the expression of its individual tendencies. The whole system is an attempt to take the child on its impulses and instincts and it is mainly intended for children of what has been called the pre-school age. In a country which has such numerous schools as England and which has no scarcity of money we find that the number of Montessori classes is very limited not merely on the question of finance but because of the compulsory age of six at which children have to attend the elementary schools. There is little room for education after that, and children of the pre-school age under the Education Act who can afford to go to schools had not money because fees are levied. The cost is so great that to make the tuition free will be very difficult. The Hon'ble Lady Member has so deliberately avoided mentioning that original kindergarten is being taught to the poor children and that that education attempts to afford natural healthy conditions of existence at least for a few hours for such children. Indeed the conditions of living in Cochin are not so bad as the life in the slums of the West. My submission, therefore, is that interesting as an experiment as against kindergarten, valuable as an attempt in trying to teach children on their impulses, we can say that it is not an absolute necessity for our educational system. It will be a useful addition. But I have to submit that just a few minutes ago the Hon'ble Member for Trichur was pointing out the rather serious difficulties in getting water. It is a more elementary need. Until we are able to satisfy such elementary needs which exist in all our schools and until we are able to provide more equipments and more furniture for our elementary schools, I do not think it will be proper on the part of the Government to undertake an expensive scheme like this.

We have already made some beginning of a Montessori

LIBRARY ARCHIVES Kerala Legislative Assembly

class in the Training Institution at Trichur. It has not been possible to develop that class on Montessori lines for want of accommodation and equipment and enough money for its recurring expenditure. Efforts were directed to this question of providing a suitable Montessori section to the Training Institution at Trichur. Even if you are going to have only 30 children you will have to have a small separate building with about four rooms, with halls for recreation, for common work, sheds and garden for outdoor exercises, students' refectory and a small shed for rest. We require didactic apparatus required for our children. It is not very difficult to make them. But each individual child is to have one set, and these apparatus do not last more than a few years. If you are going to take 30 children this year at least half a dozen sets have to be replaced every year. On a modest estimate which I made in consultation with the Principal of the Training Institution we came to the conclusion that a separate building .....

Dr. A. R. Menon.—Why?

Mr. I. N. Menon.—No school has a sufficient building even for the existing classes. We should have a trained staff. That costs some money. There should be one attender to look after the children when they are going about. We have to supply food during the hours of work since they are working for four or five hours. We have to provide for recreation and other requisites of a more residential nature. It costs Rs. 2,500. The equipment will cost about Rs. 2,500. Altogether about Rs. 12,000 and Rs. 2,500 as recurring expenditure. I do not say that Rs. 12, 500 is an enormous sum. We are finding it difficult to find funds to meet other exigencies. A few of our schools have the education of our children of the pre-school age. I do not think that our finances at present admit of even other urgent needs being satisfied. I do not think therefore that it will be proper for our Government to launch upon this new scheme. These educational reforms are necessary. But before we do that we should attempt that in a central school on a satisfactory basis, that is in the Training Institution and I am even now trying how far this is possible.

Mr. P. Govinda Menon.—On a point of information. May I know whether you have sent out a lady teacher for training in kindergarten?

Mr. I. N. Menon.—Most of the teachers who undergo training or a good number of them take up child psychology as one of the subjects of study. I have first hand knowledge about

LIBRARY ARCHIVES Kerala Legislative Assembly

the training because I was a teacher in the Teacher's College. This course of study is mainly theoretical. They have a small school in Madras which has provided a certain amount of practical work. I do not mean any disparagement to the work done there. I suppose it is possible to get a couple of teachers trained. But if you want to do something good, it is better to send some one abroad.

Mr. T. S. Balarama Ayyar.—Has any one been sent?

Mr. I. N. Menon.—There is one teacher under training in Kindergarten in Madras.

മിസ്സ്. പി. മീനാക്ഷിക്കുട്ടിയമ്മ:— സർ, ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചപ്പോൾ തന്നെ ഇതിനെ ഉടനെ അടുത്ത സഭയിൽ നമ്മുടെ ഗവണ്മെൻറ് സ്വീകരിച്ച് നടപ്പിൽ വരുത്തുമെന്നു വിചാരം എനിക്കുണ്ടായിരുന്നില്ല. എങ്കിലും ധനസ്ഥിതിയും സൗകര്യവും ഉള്ളപ്പോൾ ചില കേന്ദ്രങ്ങളിലെങ്കിലും ഈ നവീനമായ രീതി ഏർപ്പെടുത്തണമെന്ന അപേക്ഷിക്കുവാനേ ഞാൻ വിചാരിച്ചിരുന്നുള്ളൂ. അതുതന്നെ തിരുവിതാംകൂറിൽ ഒരു സ്കൂൾ തുടങ്ങിയിട്ടുള്ളതുകൊണ്ടും ഇതിനിടെ മദിരാശിയിലേക്കു ഈ ശിക്ഷാക്രമത്തിൽ സ്പെഷിലയിസ് ചെയ്യുവാൻ ഒരു സ്ത്രീയെ ഗവണ്മെൻറുതന്നെ അയച്ചിട്ടുള്ളതുകൊണ്ടും, ഈ രീതി "നമുക്ക് അത്യാവശ്യമല്ല" എന്നു ഗവണ്മെൻറു ഭാഗത്തുനിന്നും കേൾക്കുമെന്നു ഞാൻ ലേശംപോലും വിചാരിച്ചില്ല. ഇപ്പോൾ പണമില്ല, ധനസ്ഥിതിയനുവദിക്കുമ്പോൾ ഇത് അംഗീകരിക്കാം എന്നുള്ള ഗവണ്മെണ്ടിൻെറ സാവ്ധ്രികമായ, സവ്വസാധാരണമായ ഒരുമറുപടി കേൾക്കാനാണ് ഞാൻ തയ്യാറായിരുന്നത്.

പക്ഷെ ബഹുമാനപ്പെട്ട വിദ്യാഭ്യാസമെമ്പരുടെ അവിചാരിതമായ മറുപടി കേട്ടതിൽ, മറുപടിയായി ചിലതു പറഞ്ഞില്ലെങ്കിൽ അതു എൻെറ കടമ നിവ്വഹിക്കാതിരിക്കുന്നതാകയാൽഞാൻ അതിനുതുനിയുന്നതാണ്.

ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പരുടെ ചില അഭിപ്രായങ്ങളോടു എനിക്കു യോജിക്കുവാൻ നിവൃത്തിയില്ല. ഒന്നാമതായി ഞാൻ പണച്ചിലവിനെക്കുറിച്ചു ആലോചിച്ചിട്ടില്ലെന്നതാണ്. ഈ രീതി നടപ്പിൽ വരുത്തുവാൻ ധാരാളം പണച്ചിലവുണ്ടാകുമെന്നും പക്ഷെ സാമഗ്രികൾ നമ്മുടെ നാട്ടിൽ ഉണ്ടാക്കിയാൽ കുറെ ലാഭമുണ്ടാകുമെന്നും, ഞാൻ പറഞ്ഞു. അതുമല്ല ഈ രീതി പ്രധാന കേന്ദ്രങ്ങളിൽ ഇപ്പോൾ തുടങ്ങിയാൽ മതി എന്നും ഞാൻ പ്രത്യേകിച്ചു പറയുകയുണ്ടായി. പിന്നെ ഈ രീതി അത്യാവശ്യമല്ല എന്നുള്ളതാണ്. ഏങ്കിലും ഒരു കാര്യം നാം ചെയ്യുകയാണെങ്കിൽ അതു വേണ്ടപോലെ ചെയ്യേണ്ടതാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. കുട്ടികൾക്ക് മനശ്ശാസ്ത്രം അനുസരിച്ചു അവക്ക് ഉതകുന്നതായ വിദ്യാഭ്യാസം കൊടുക്കുവാൻ പ്രാപ്തിയുള്ളതായ ഒരു രീതി വിദ്യാഭ്യാസ വകുപ്പിൽ അത്യാവശ്യമല്ല എന്നു പറയുന്നതിന്റെ സാരം എനിക്കു മനസ്സിലാകുന്നില്ല. ഇംഗ്ലണ്ടിൽ ഇതു സ്ലംസിൽ ക്രലിക്കാരുടെ കുട്ടികൾക്കുവേണ്ടിയാണ് അധികവും തുടങ്ങിയിരിക്കുന്നതു്. അതെന്തെന്നാൽ അവർക്കു വീട്ടിൽ ശരിയായ പരിശീലനം നൽകാത്തതുകൊണ്ടാണ് എന്നു് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി പറഞ്ഞ വാദം അനുസരിച്ചുതന്നെ ഈ രീതി നമുക്കു ആവശ്യമാണെന്നു ഞാൻ തെളിയിക്കാം. ഇംഗ്ലണ്ടിൽ ക്രലിക്കാരുടെ മക്കൾക്കു പോലും ശരിയായി വിദ്യ അഭ്യസിക്കണമെന്നുവെച്ചു അവർ ഇതംഗീകരിച്ചിട്ടുണ്ടു്. നമ്മുടെ നാട്ടിൻപുറങ്ങളിൽ അതായതു ഗ്രാമീണ ഇന്ത്യയുടെ ഭൂരിഭാഗമായ ഗ്രാമഭാഗത്തു്, അക്ഷരാഭ്യാസമില്ലാതേയും ആരോഗ്യരക്ഷയെക്കുറിച്ചു യാതൊരു നിശ്ചയവും ക്രടാതേയും അന്ധവിശ്വാസത്തിലും കഠിനമായ ദാരിദ്ര്യത്തിലും മുങ്ങി മൃഗീയമായ ജീവിതം നയിക്കുന്ന അനേകായിരം ശിശുക്കളെ നേർവഴിക്കു മനുഷ്യപ്രകൃതത്തിൽ വളർത്തി, പൗരബോധമുണ്ടാക്കികൊടുക്കണമെങ്കിൽ ഇംഗ്ലണ്ടിലെ ക്രലിക്കാരുടെ ഇടയിലുള്ള വിദ്യാഭ്യാസത്തേക്കാളും പ്രധാനമായ ഒന്നുതന്നെ നാം അംഗീകരിക്കേണ്ടതാണ്. അസഭ്യങ്ങളായ കഥകളും വാക്കുകളും ഈ കുട്ടികൾ പറയുന്നതു കേട്ടാൽ നമുക്കു സങ്കടം തോന്നിപ്പോകും. ഇവരെ രക്ഷിക്കുവാൻ സമുദായസ്നേഹികളായിട്ടുള്ളവർ എന്തെങ്കിലും ചെയ്യേണ്ടതാണ്.

ഇതിലും ആവശ്യമായിട്ടുള്ള പലേ കാര്യങ്ങളും ഗവർമ്മെണ്ടിന്നു് ഉടനെ ചെയ്യേണ്ടതായിട്ടുള്ളതിനാൽ ഇപ്പോൾ ഇതിന്നു ധനം ചിലവു ചെയ്യുവാൻ നിവ്വാഹമില്ലാതെ വന്നേക്കുമെന്നു പറഞ്ഞ വാദം എനിക്കു സ്വീകാര്യംതന്നെ. പക്ഷെ ഗവർമ്മെണ്ടിന്റെ ആവശ്യം അത്യാവശ്യമായും ഇന്നാരാവിലെ അംഗഹീനന്മാരും രോഗപീഡിതരുമായ സാധുക്കളുടെ കാര്യം പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട ഗവർമ്മെണ്ടു ഭാഗത്തുനിന്നും കേട്ട മറുപടിയിൽനിന്നും ഗവർമ്മെണ്ടു് കരുതുമെന്നു മനസ്സിലാക്കിയ ഞാൻ ഇതിന്നു് എന്താണ് പറയേണ്ടതു്? ഗവർമ്മെണ്ടു ജനങ്ങൾക്കു അത്യാവശ്യമായതും ജീവിതത്തിന്നു ഒഴിച്ചുക്രടാത്തതും സാധുക്കൾക്കു ഹിതകരവുമായ സംഗതികളിൽ പ്രാധാന്യം കാണിക്കേണ്ടതും എനിക്കും സന്തോഷംതന്നെ.

പാശ്ചാത്യരാജ്യങ്ങളിൽ ഇങ്ങിനെയൊന്നുമില്ലെന്നു പറഞ്ഞു. അവിടെ കിണ്ടർഗാർട്ടൻസ്കൂൾ മുതലായ പലേ സ്കൂളുകളും ഇതിനെ സംബന്ധിച്ചു് നടത്തുന്നുണ്ടു്. പിന്നെ ഇതിലേക്കു ഒരാളെ ട്രെയിനിംഗിനു അയക്കേണ്ട ആവശ്യമുണ്ടു്. അതിന്നു മോണ്ടിസോറിയുടെ കീഴിൽ നടത്തുന്ന സ്കൂളിൽതന്നെ അയക്കുകയാണ് വേണ്ടതു്. ഇതു എല്ലാസ്ഥലങ്ങളിലും സ്ഥാപിക്കണമെന്നു ഞാൻ പറയുന്നില്ല. നമ്മുടെ രാജ്യ

LIBRARY ARCHIVES Kerala Legislative Assembly

ത്തെ ഒന്നോ രണ്ടോ കേന്ദ്രങ്ങളിൽ മാത്രം സ്ഥാപിച്ചാൽ മതിയെന്നാണ് ഞാൻ പറയുന്നതു്. തൃശ്ശിവപേരൂരിൽ ഉള്ള ട്രെയിനിംഗ് സ്കൂളിനോട് ചേർത്ത് ഒന്നു തുടങ്ങി അവിടെ ടീച്ചേർസിനെ പരിശീലിപ്പിച്ചാൽ നന്നു് എന്നാണു ഞാൻ പറയുന്നത്. അവസാനമായി എനിക്കു പറയുവാനുള്ളതു് എന്റെ പ്രധാന ഉദ്ദേശം മനശ്ശാസ്ത്രത്തെ സംബന്ധിച്ചു കുട്ടികൾക്കു പരിശീലനം കൊടുക്കുന്ന ഏതെല്ലാം ഒരു രീതി സ്വീകരിക്കണമെന്നാണ്. ഇതിൽ അധികം പണച്ചിലവു വരുമെന്നു പറയരുതു്. ഇതിനുവേണ്ടിയുള്ള ശ്രമങ്ങൾ ചെയ്യണമെന്നു് ഗവൺമെന്റിനോട് അപേക്ഷിച്ചുകൊണ്ടു് ഞാൻ ഈ പ്രമേയത്തെ പിൻവലിച്ചുകൊള്ളുന്നു.

The Resolution was, by leave, withdrawn.

The House rose for the day at 4-55 p. m.

B. V. KRISHNANKUTTI MENON,

Secretary to the Council.

LIBRARY ARCHIVES Kerala Legislative Assembly